**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങളുടെ വിതരണത്തിലെ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. അൻവർ സാദത്ത് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങളുടെ വിതരണം തടസ്സപ്പെട്ടിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ മുടങ്ങുന്നതിന് ഇടയായിട്ടില്ല. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം വിവിധ ഇനങ്ങളിലുള്ള അംശാദായമാണ്. 2008 ൽ പുനർ നിർണ്ണയിച്ചതിനുശേഷം നീണ്ട 16 വർഷങ്ങൾക്കുശേഷം 2024 ആഗസ്റ്റ് മാസത്തിലാണ് അംശാദായ നിരക്കുകൾ പരിഷ്കരിച്ചത്. ഈ 16 വർഷത്തിനിടയിൽ ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ നിരവധി തവണ വർധിപ്പിച്ചെങ്കിലും ആനുപാതികമായി അംശാദായ നിരക്കുകൾ വർദ്ധിപ്പാക്കാഞ്ഞതിനാൽ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നു. ഇക്കാരണത്താൽ ക്ഷേമ പദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 2024–25 സാമ്പത്തിക വർഷത്തിൽ 31.08.2024 വരെ ബോർഡിന്റെ തനതു വരുമാനം 2,31,08,555/- രൂപയാണ്. |
| (ബി) | ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ മുടങ്ങുന്നതിന് ഇടയായിട്ടില്ല. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം വിവിധ ഇനങ്ങളിലുള്ള അംശാദായമാണ്. 2008 ൽ പുനർ നിർണ്ണയിച്ചതിനുശേഷം നീണ്ട 16 വർഷങ്ങൾക്കുശേഷം 2024 ആഗസ്റ്റ് മാസത്തിലാണ് അംശാദായ നിരക്കുകൾ പരിഷ്കരിച്ചത്. ഈ 16 വർഷത്തിനിടയിൽ ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ നിരവധി തവണ വർധിപ്പിച്ചെങ്കിലും ആനുപാതികമായി അംശാദായ നിരക്കുകൾ വർദ്ധിപ്പാക്കാഞ്ഞതിനാൽ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നു. ഇക്കാരണത്താൽ ക്ഷേമ |

| | | | |
|---|---|---|---|
| | | | പദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 2024–25 സാമ്പത്തിക വർഷത്തിൽ 31.08.2024 വരെ ബോർഡിന്റെ തനതു വരുമാനം 2,31,08,555/- രൂപയാണ്. |
| (സി) | മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമനിധി അംശദായം ഉയർത്തിയ നടപടി പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; അംശദായമുയർത്തിയ നടപടി അടിയന്തരമായി പിൻവലിക്കുമോ; വ്യക്തമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഉന്നമനത്തിനായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. വിവിധ ഇനങ്ങളിലുള്ള അംശാദായമായി സ്വീകരിക്കുന്ന തുകയാണ് ബോർഡിന്റെ വരുമാനം. ഈ തുക ഉപയോഗിച്ചാണ് മത്സ്യബോർഡ് ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നത്.<br><br>S.R.O No. 669/2024 നം. വിജ്ഞാപന പ്രകാരം ബോർഡിന്റെ അംശാദായ നിരക്കുകൾ പുതുക്കി ഉത്തരവായിരുന്നു. 2008-ൽ അംശാദായ നിരക്കുകൾ പുതുക്കി ഉത്തരവായതിനുശേഷം 2024–ലാണ് അംശാദായ നിരക്കുകൾ പുതുക്കുന്നത്. ഈ 16 വർഷത്തിനിടയിൽ ബോർഡ് വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യ നിരക്ക് പലതവണ വർധിപ്പിച്ചുവെങ്കിലും അംശാദായ നിരക്കുകൾ യഥാസമയം വർദ്ധിപ്പിക്കാത്തതിനാൽ ക്ഷേമ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്.<br><br>ക്ഷേമ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി അംശാദായ നിരക്കുകൾ പുതുക്കേണ്ടത് അനിവാര്യമായിരുന്നു. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ നേതാക്കളുമായി കൂടിയാലോചിച്ചാണ് അംശാദായ നിരക്കുകൾ പുതുക്കി ഉത്തരവായത്.<br><br>ബോർഡിന്റെ അംശാദായം പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചതിനോടൊപ്പം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നിലവിൽ നൽകിവരുന്ന 3 പ്രധാന പദ്ധതികളുടെ ധനസഹായ തുക വർദ്ധിപ്പിക്കുകയും അംഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി പുതിയ 13 പദ്ധതികൾക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും ആവശ്യം വേണ്ട നിരക്ക് വർദ്ധനവാണ് നടത്തിയിട്ടുള്ളത്. കൂടാതെ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ നേതാക്കളുമായി വിഷയം ചർച്ച ചെയ്തതിനു ശേഷമാണ് ബോർഡിന്റെ അംശാദായ നിരക്കുകൾ പുതുക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ധനസഹായ തുക വർധിപ്പിച്ച പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | നിലവിലെ ധന സഹായ തുക (രൂപ) | പുതുക്കിയ ധന സഹായതുക (രൂപ) |
|---|---|---|---|
| 1 | മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം. | 50,000/- | 1,00,000/- |
| 2 | മത്സ്യ, അനുബന്ധ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം. | 10,000/- | 25,000/- |
| 3 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം | 600/- | 2,000/- |

## പുതിയ പദ്ധതികൾ

**(06.08.2024 ലെ സ.ഉ.(സാധാ)നം. 457/2024/F&P പ്രകാരം അംഗീകാരം നൽകിയത്)**

| ക്രമ നം. | പദ്ധതിയുടെ പേര് | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽവിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി | 1,00,000/- |
| 2 | ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും/ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി | 25,000/- |
| 3 | ഗ്രന്ഥശാല/വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി | 20,000/- (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 4 | മത്സ്യബോർഡിനുവേണ്ടി രക്ഷാസേന രൂപീകരിക്കൽ | 5,000/- (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 5 | മത്സ്യ, അനുബന്ധ ത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി | 15,000/- (14 ജില്ലകൾക്കും) |
| 6 | മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി | 1,00,000/- (പരമാവധി) |
| 7 | കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധസഹായം നൽകുന്ന പദ്ധതി | 50,000/- |

| | | |
|---|---|---|
| 8 | അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിനു യാത്രാ ചെലവിനായി ധനസഹായം നൽകുന്ന പദ്ധതി | 1,00,000/-<br>(പരമാവധി) |
| **( 13.04.2023 ലെ ബി3/28/2023/മ.ഉ.വ. കത്ത് പ്രകാരം അനുമതി നൽകിയത്)** | | |
| 9 | അംഗവൈകല്യമുള്ള തൊഴിലാളികൾക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം | 25,000/- |
| 10 | 60 വയസ്സ് കഴിഞ്ഞവരെ (പെൻഷണർമാരെ) ആദരിക്കുന്നതിനുള്ള പദ്ധതി | 10,000/-<br>(54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 11 | പ്രതിഭകളെ ആദരിക്കുന്ന പദ്ധതി | 40,000/-<br>(14 ജില്ലകൾക്കും) |
| 12 | ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | ബോർഡ് തീരുമാന പ്രകാരം |